# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### ശ്ലീവക്കാലം നാലാം ഞായർ

മത്താ 18,1-9

"ശിഷ്യത്വം അപരന്റെ മേൽ അധികാരത്തിന്റെ അധീശത്വത്തിനുള്ള വിളിയല്ല. മറിച്ച്, ശുശ്രൂഷയ്ക്കുവേണ്ടി മേലങ്കി അഴിക്കാനുള്ള തിരിച്ചറിവാണ്."

ശിഷ്യർ ചോദിച്ച ചോദ്യത്തിനല്ല ക്രിസ്തു ഉത്തരം നൽകുന്നത്. വലിയവൻ ആരാണെന്ന് ചോദിക്കുമ്പോൾ ചെറിയവർക്ക് കിട്ടുന്ന സൗഭാഗ്യത്തെ കുറിച്ചാണ് ക്രിസ്തു പങ്കുവയ്ക്കുന്നത്. ഇത് ക്രിസ്തുവിന്റെ ശൈലിയാണ്. ക്രിസ്തു വരികൾക്കിടയിലൂടെ ചോദ്യം ചോദിച്ചവന്റെ മനസ് വായിച്ചെടുക്കുന്നു. "സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരാണ്?" ഇതാണ് ശിഷ്യർ ചോദിച്ച ചോദ്യം. ഒന്നിരുത്തി ധ്യാനിച്ചാൽ ഒന്നുറപ്പാണ്, 'ശിഷ്യരുടെ ചിന്ത എന്നു പറയുന്നത്, തങ്ങൾ സ്വർഗ്ഗരാജ്യത്തിന്റെ ഭാഗമായി കഴിഞ്ഞു. ഇനി സ്വർഗ്ഗരാജ്യത്തിൽ ആരാണ് വലിയവൻ എന്നാണ് അറിയേണ്ടത്.' ക്രിസ്തുവിന് തന്റെ ശിഷ്യരെ നന്നായി അറിയാമായിരുന്നു. അവരുടെ അഹംങ്കാര ചിന്ത, തങ്ങൾ മറ്റുള്ളവരെക്കാൾ വലിയവരാണ് എന്നുള്ള ധാർഷ്ഠ്യ മനോഭാവം അവരെ നശിപ്പിക്കും എന്ന് ക്രിസതു തിരിച്ചറിയുന്നു. അതുകൊണ്ടു സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണ് എന്ന് ശിഷ്യർ ചോദിക്കുമ്പോൾ ക്രിസ്തു അവരെ പഠിപ്പിക്കുകയാണ് "നിങ്ങൾ സ്വർഗ്ഗ രാജ്യത്തിൽ വലിയവരാകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ശിശുക്കളെപ്പോലെ സ്വയം ചെറുതാകാൻ പഠിക്കണമെന്ന്."

ഡോസ്റ്റോവിസ്ക്കിയുടെ ഏറ്റവും പ്രസിദ്ധമായിട്ടുള്ള നോവലുകളിൽ ഒന്നാണ്, "ക്രിസ്തു വീണ്ടും വന്നപ്പോൾ" എന്നത്. ഇതിന്റെ ഇതിവൃത്തം ഇപ്രകാരമാണ്, ദൈവത്തെ മറന്ന്, സഹോദരങ്ങളെയും പ്രിയപ്പെട്ടവരെയും മറന്ന് ജീവിക്കുന്ന ഒരു സഭാധികാരി. ഒരുനാൾ തെരുവിലൂടെ സഭാധികാരി നടന്ന് പോകുമ്പോൾ ക്രിസ്തുവിനെ വഴിയിൽ വച്ച് കണ്ടുമുട്ടുന്നു. കണ്ടമാത്രയിൽ പടയാളികളെ വിളിച്ച് ക്രിസ്തുവിനെ ബന്ധിക്കുകയും ക്രൂരമായി പീഡിപ്പിക്കുകയും അവസാനം കാരാഗൃഹത്തിൽ അടക്കുകയും ചെയ്യുന്നു. കാരണം, അധികാരിക്ക് പ്രിയപ്പെട്ട്ത് തന്റെ കസേരയും തന്റെ അധികാര ചിഹ്നങ്ങളുമായിരുന്നു. ഒരു പക്ഷെ, ഇത് ഒരു കഥമാത്രമായിരിക്കാം. പക്ഷെ, ക്രിസ്തു ഇന്ന് നമ്മുടെ മുമ്പിൽ വരുകയാണെങ്കിൽ നാം ചെയ്യാൻ പോകുന്നതും ഇപ്രകാരം തന്നെയല്ലെ? നമുക്ക് പ്രധാനപ്പെട്ടത് നമ്മുടെ കസേരകളും അധികാരചിഹ്നങ്ങളുമാണ്. അതുകൊണ്ട്, അധികാരത്തിന്റെ മേലങ്കി അഴിക്കാനോ കുഞ്ഞുങ്ങളെപ്പോലെ സഹോദരങ്ങൾക്കോ, പ്രിയപ്പെട്ടവർക്കോ ശുശ്രൂഷ സമ്മാനിക്കാനോ നമുക്ക് ഇന്ന് സാധിക്കുന്നില്ല.

തങ്ങളിൽ വലിയവൻ ആരാണ് എന്നത് ശിഷ്യരുടെ ഇടയിൽ എക്കാലവും ഉണ്ടായിരുന്ന ഒരു തർക്ക വിഷയമാണ്. തങ്ങളെ തന്നെ വലുതായി കാണാൻ ഓരോരുത്തർക്കും നൂറ് നൂറ് കാരണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, തങ്ങളെ തന്നെ ചെറുതായി കാണാൻ ഒരു കാരണവും ഉണ്ടായിരുന്നില്ല. അതു കൊണ്ട് തന്നെ ക്രിസ്തുവിന്റെ, ഗുരുവിന്റെ പാദങ്ങളോളം താഴാനുള്ള എളിമ ശിഷ്യരിൽ നിന്ന് നഷ്ടപ്പെട്ടിരുന്നു. അവിടെ, ക്രിസ്തു അവർക്ക് ഒരു പുതിയ കൽപന നൽകുകയാണ്, "അപ

കുട്ടികളുടെ
പുഞ്ചിരിക്കുമുമ്പിൽ
എത്ര വലിയ വേദനയും
അപ്രത്യക്ഷമാകുന്നു.
അവരുടെ പുഞ്ചിരിപ്പോലും
സൗഖ്യം
സമ്മാനിക്കുന്നവയാണ്...
എന്നാണ് നമ്മിലെ
കുട്ടിത്തം
നഷ്ടപ്പെട്ടത്???

രന്റെ പാദങ്ങളോളം താഴാതെ, ശുശ്രൂഷയുടെ സുഗന്ധം സമ്മാനിക്കാതെ അവനെ രക്ഷിക്കാനാവില്ലെന്ന്."

ക്രിസ്തു വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ വീണ്ടും ജനിക്കുന്നതിന്റെ പ്രസക്തിയെകുറിച്ചുള്ള വിചിന്തനങ്ങൾ സമ്മാനിക്കുന്നുണ്ട് (3,5). സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ ശിശുക്കളെപ്പോലെയാകണം എന്ന ക്രിസ്തുവിന്റെ ചിന്ത ഈ പഠനത്തോട് ചേർത്തുനിർത്തി വായിക്കണം. മുതിർന്നവർ ശിശുക്കളെപ്പോലെയാകുന്നത് വീണ്ടും ജനിക്കുന്നതിന് തുല്യമാണ്. ശിശുക്കളുടെ എറ്റവും വലിയ പ്രത്യേകത അവരുടെ ആശ്രയബോധമാണ്. എന്നെ കൈ പിടിക്കുന്ന ഒരു പിതാവുണ്ട് എന്നുള്ള ആശ്രയത്വമാണ് അവരെ വലുതാക്കുന്നത്. ചുരുക്കത്തിൽ, സ്വർഗ്ഗരാജ്യത്തിൽ വലിയവനാകാൻ നാം ശിശുക്കളെപ്പോലെയാകണം. ശിശുക്കൾ തങ്ങളുടെ പിതാവിൽ ആശ്രയിക്കുന്നതുപോലെ ദൈവരാജ്യത്തിൽ വലിയവനാകാൻ നാം ദൈവത്തിലാശ്രയിക്കാൻ പഠിക്കണം.

കുറച്ചു നാളുകൾക്കുമുമ്പ് മലയാള സിനിമയിലെ സൂപ്പർസ്റ്റാർ സുരേഷ് ഗോപി ഒരു പ്രഖ്യാപനം നടത്തി, "കുട്ടികൾക്കും മറ്റുള്ളവർക്കും ഉതപ്പു നൽകുന്നത് കൊണ്ട് ഇനി മുതൽ സിനിമയിലും മറ്റു പര്യങ്ങൾക്കുമുമ്പിലും ഒരിക്കൽ പോലും മദ്യമോ, പുകയില ഉൽപ്പന്നങ്ങളോ ഉപയോഗിക്കുകയില്ല" എന്ന്. പ്രഖ്യാപനം പാലിക്കാൻ സുരേഷ്ഗോപിക്കായില്ല. എങ്കിലും, ഇതൊരു കാഴ്ച്ചപ്പാടാണ്. എന്നെ കണ്ട് വളരുന്ന ഒരു തലമുറയുണ്ട്. ആ തലമുറയ്ക്ക് ഞാൻ ഉതപ്പു നൽകരുത് എന്നുള്ള കാഴ്ച്ചപ്പാട്. വചനം പറയുന്നു, "ക്രിസ്തുവിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവന് കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരിക്കല്ലുകെട്ടി കടലിന്റെ ആഴങ്ങളിൽ താഴ്ത്തപ്പെടുന്നതായിരിക്കും" (മത്താ 18.6). ഇടർച്ചയുടെ വഴികൾ ഏറെയാണ് ഈലോകത്ത്. വഴി തെറ്റാനും വഴി തെറ്റിക്കാനും എളുപ്പമാണ്. ചുരുക്കത്തിൽ തിരിക്കല്ലുകൾ തികയാത്ത കാലമാണിത്. ഇവിടെ നാം ചിന്തിക്കേണ്ടത്, 'ഞാൻ മറ്റുള്ളവർക്ക് ഉതപ്പു നൽകുന്നുണ്ടോ?' 'എന്നെ കണ്ടു വളരുന്ന പുതുതലമുറ സ്വർഗ്ഗരാജ്യത്തിൽ വലിയവരാകുമോ?'

"Let
The Child
Be Your
Teacher"
പഴമൊഴി

പ്രലോഭനങ്ങൾ തികച്ചും സ്വാഭാവികം മാത്രമാണ് ഈ ലോകത്ത്. മനുഷ്യ രൂപം സ്വീകരിച്ച് ക്രിസ്തുവിന് പോലും പ്രലോഭനങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തു പ്രലോഭനങ്ങളെയും പ്രലോഭകനെയും അതിജീവിച്ചു. ക്രിസ്തു പ്രലോഭനങ്ങളെ അതിജീവിച്ചത് ദൈവവചനം (നിയമാവർത്തന പുസ്തകം) ഉദ്ധരിച്ചുകൊണ്ടാണ്. വചനം വായിക്കുന്നുണ്ടെങ്കിൽ, വായിച്ച വചനം പഠിക്കുന്നുണ്ടെങ്കിൽ, പഠിച്ച വചനം ജീവിതമാക്കുന്നുണ്ടെങ്കിൽ പ്രലോഭനങ്ങളെ അതിജീവിക്കാൻ കഴിയും. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നുണ്ട്, 'ഓട്ട മത്സരത്തിൽ ഓടുന്നവരെല്ലാം ഒന്നാമതെത്തുന്നില്ലെന്ന്." ഇത് ജീവിതത്തിലും സത്യമാണ്. ഓടുന്നവർല്ലൊം ഒന്നാമതെത്താൻ സാധിക്കില്ല. നാം 'ഹർഡിൽസ്' മത്സരം കണ്ടീട്ടുണ്ട്. നൂറ്റിപത്ത് മീറ്റർ ഹർഡിൽസ് മത്സരത്തിൽ പത്ത് ഹർഡിൽസെങ്കിലും ചാടികടക്കണം ഒന്നാമതെത്താൻ. സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള ഒന്നാമതെത്താനുള്ള ഓട്ടവും ഇപ്രകാരമാണ്. ശിഷ്യത്വം എന്ന് പറയുന്നത് തടങ്ങളില്ലാത്ത ഒട്ടമല്ല. മറിച്ച്, തടസങ്ങൾ നിറഞ്ഞ കുന്നും മലയും ചെങ്കുത്തായ ചെരുവും നിറഞ്ഞതാണ്. ഇതിനെ അതിജീവിക്കുന്നവർക്കു മാത്രമാണ് ദൈവരാജ്യത്തിൽ ഒന്നാമനാകാൻ സാധിക്കു.

കുഞ്ഞുങ്ങൾ ഇതു വരെ ആർക്കും ദുഷ്പ്രേരണ നൽകിയിട്ടില്ല. കുഞ്ഞുങ്ങൾ ചെയുന്ന ദുഷ്പ്രവർത്തികളെ മുതിർന്നവർ മാതൃകയാക്കി സ്വീകരിക്കാറുമില്ല.

മുതിർന്നവർക്കാണ് ദുഷ്പ്രരണയുടെ പേറ്റന്റ്. മുതിർന്നവരെ കണ്ടിട്ടാണ് കുഞ്ഞുങ്ങൾ പഠിക്കുന്നത്. കുഞ്ഞുങ്ങളുടെ മനസ് ഏറ്റവും നിഷ്കളങ്കവും നൈർമല്യം തുളുമ്പി നിൽക്കുന്നതുമാണ്. അതുകൊണ്ട് തന്നെയാണ് ക്രിസ്തു പറയുന്നത് "നിങ്ങൾ മാന സാന്തരപ്പെട്ട് കുഞ്ഞുങ്ങളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കു കയില്ല" (മത്താ 18.3) എന്ന്. കുഞ്ഞുങ്ങളുടെ വിശുദ്ധി സ്വന്തമാക്കി സ്വർഗ്ഗരാജ്യത്തിൽ വലിയവനാകാം...

ഗുരുവിന്റെ മുമ്പിൽ സത്യന്വേഷിയായ് വന്നവനോട് ഗുരു പറഞ്ഞു, "സത്യ മാണ് താങ്കൾ അന്വേഷിക്കുന്നതെങ്കിൽ താങ്കൾക്ക് ഒന്നാവശ്യമാണ്." സത്യന്വേഷി പറ ഞ്ഞു, "എനിക്കറിയാം, സത്യത്തോടുള്ള അടങ്ങാത്ത അഭിനിവേശമല്ലേ?" ഗുരു പറഞ്ഞു, "അല്ല, കുഞ്ഞുങ്ങളെപ്പോലെ തെറ്റു പറ്റിക്കാണും എന്നും, അത് അംഗീകരിക്കാനുമു ള്ള മനസ്സുമാണ്."

---

ഫാ. ജോബി മേനോത്ത്

തിൻമയെ
നൻമയാക്കി
അവതരിപ്പിക്കുമ്പോൾ
നാം മറ്റുള്ളവർക്ക്
ഉതപ്പ് നൽകുന്നു.
"പ്രലോഭന ഹേതുവാകു
ന്നവന് ദുരിതം!"
(മത്താ 18.8)